പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1797 10.02.2020-ലെ മറുപടിക്ക്

## കെ. എസ്. ആർ . ടി. സി. യിലെ ഹിതപരിശോധന

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. യിൽ 2016 ൽ ഹിതപരിശോധന വഴി അംഗീകാരം നേടിയ സംഘടനകളുടെ അംഗീകാര കാലാവധി അവസാനിച്ചിട്ടുണ്ടോ; | (എ) | അവസാനിച്ചിട്ടുണ്ട്. |
| (ബി) | ഹിതപരിശോധനയുടെ അംഗീകാര കാലാവധി അവസാനിച്ചതോടെ തൊഴിൽപരമായ ചർച്ചകൾ നടത്തുന്നതിനായി എല്ലാ രജിസ്റ്റേർഡ് സംഘടനകളെയും യോഗങ്ങൾക്ക് വിളിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഉണ്ട്.<br>ഹിതപരിശോധനയുടെ അംഗീകാര കാലാവധി അവസാനിച്ച സാഹചര്യത്തിൽ കോർപറേഷനിൽ പുതിയ ഹിതപരിശോധന നടന്ന് തൊഴിലാളി സംഘടനകൾക്ക് അംഗീകാരം ലഭ്യമാകുന്നതുവരെ യൂണിറ്റുകളിൽ നടക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിലും / തൊഴിലാളി സംഘടനകളെ ഉൾപ്പെടുത്തി നടത്തുന്ന ചർച്ചകളിലും നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളിലെ ഒരു അംഗത്തെ പങ്കെടുപ്പിക്കാവുന്നതാണെന്ന നിർദേശം കോർപറേഷൻ, യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ. എസ്. ആർ. ടി. സി. യൂണിയനു കൾക്ക് അംഗീകാരം നൽകുന്ന തിനുള്ള ഹിതപരിശോധന എന്നത്തേക്ക് നടത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കെ. എസ്. ആർ. ടി. സി. യിലെ യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഹിതപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലേബർ കമ്മീഷണർക്ക് കോർപറേഷൻ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹിത പരിശോധന സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ആയതിന്റെ അടിസ്ഥാന ത്തിൽ 20.2.2020 തീയതിയിൽ റിട്ടേണിംഗ് ഓഫീസറെ നിയമിക്കുന്നതാ ണെന്നും രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻ & ലേബർ കമ്മിഷണർ കോർപറേഷനെ അറിയിച്ചിട്ടുണ്ട്. റിട്ടേണിംഗ് ഓഫീസറുടെ നിർദേശപ്രകാരം കോർപറേഷനിൽ ഹിത പരിശോധന നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**